June

Digital News Report made with Free Softwares

വോയ്സ്

Mirror of Santhome

powered by Little KITEs Santhome HSS Kolakkad

ലക്കം 1
ദളം 1

THE MONTHLY NEWS BULLETIN | Santhome HSS Kolakkad, Kolakkad P O, Kannur | പ്രതിമാസ വാർത്താപത്രിക

## കൊളക്കാട് സാന്തോം ഹയർ സെക്കന്ററി സ്കൂളിൽ പ്രവേശനോത്സവം നടത്തി...

ജൂൺ മൂന്നാം തിയ്യതി സ്കൂളിലേക്ക് കടന്നുവന്ന പുതിയ വിദ്യാർത്ഥികളെ വർണ്ണ മനോഹരമായ പ്രവേശനോത്സവ ചടങ്ങിലൂടെ സ്കൂളിലേക്ക് സ്വാഗതം ചെയ്തു..പി.ടി എ പ്രസിഡന്റ് ശ്രീ.ബേബി വരിക്കാനിക്കൽ അധ്യക്ഷപദം അലങ്കരിച്ച സംസാരിച്ച ചടങ്ങ് സ്കൂൾ മാനേജർ റവ.ഫാ.തോമസ് പട്ടാംകുളം ഉദ്ഘാടനം ചെയ്തു.ചടങ്ങിൽ പ്രിൻസിപ്പാൾ ശ്രീമതി സോളി തോമസ്,ഹെഡ്മാസ്റ്റർ ശ്രീ.മാത്യു എൻ വി,സ്റ്റാഫ് സെക്രട്ടറി ശ്രീ റീഗോ തോമസ് എന്നിവർ സംസാരിച്ചു..പൂക്കളും മധുരവും നൽകി നവാഗതരെ സ്വീകരിച്ചതിനു ശേഷം കുട്ടികളുടെ കലാപരിപാടികളും ഉണ്ടായിരുന്നു..തുടർന്ന് മലയാളം അധ്യാപിക റവ സി.ഷൈബി പി.ജെ രക്ഷകർത്താക്കൾക്കായി ക്ലാസ്സെടുത്തു.



## കൊളക്കാട് സാന്തോം ഹയർ സെക്കന്ററി സ്കൂളിൽ ഹൈസ്കൂൾ വിഭാഗം വിജയോത്സവവും വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും വിവിധ ക്ലബുകളുടെയും ഉദ്ഘാടനവും നടത്തി...

2024 SSLC പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികളെ അനുമോദിക്കുന്ന ചടങ്ങ് മൈസൂർ 14 കർണാടക ബറ്റാലിയൻ NCC അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ലെഫ്റ്റനന്റ് കേണൽ പ്രഭാകരൻ കെ.പി ഉദ്ഘാടനം ചെയ്തു..ഒപ്പം വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും വിവിധ ക്ലബുകളുടെയും ഉദ്ഘാടനവും നടത്തി..സ്കൂൾ മാനേജർ റവ.ഫാ.തോമസ് പട്ടാംകുളം അധ്യക്ഷ പദം അലങ്കരിച്ച് സംസാരിച്ച ചടങ്ങിൽ പ്രിൻസിപ്പൽ ശ്രീമതി സോളി തോമസ്,ഹെഡ്മാസ്റ്റർ ശ്രീ.മാത്യു എൻ.വി,പി ടി എ പ്രസിഡന്റ് ശ്രീ ബേബി വരിക്കാനിക്കൽ,MPTA പ്രസിഡന്റ് ശ്രീമതി സുരഭി റിജോ,സീനിയർ അസിസ്റ്റന്റ് ശ്രീ ബിനോയ് സെബാസ്റ്റ്യൻ,സ്റ്റാഫ് സെക്രട്ടറി ശ്രീ റീഗോ തോമസ് എന്നിവർ സംസാരിച്ചു..കുമാരി അജീന ബിജു ഗാനം ആലപിച്ചു..SSLC full A+,9A+ നേടിയവർക്ക് മൊമെന്റോയും SSLC വിജയിച്ച എല്ലാ കുട്ടികൾക്കും മെഡലുകളും വിതരണം ചെയ്തു..




## കൊളക്കാട് സാന്തോം ഹയർ സെക്കന്ററി സ്കൂളിൽ വായനാദിനം ആഘോഷിച്ചു..

കൊളക്കാട് സാന്തോം ഹയർ സെക്കന്ററി സ്കൂളിൽ ഹൈസ്കൂൾ വിഭാഗം വ്യത്യസ്ത പരിപാടികളോടെ ആഘോഷിച്ചു.സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ.മാത്യു എൻ.വി,മലയാളം അധ്യാപിക സി.ഷൈബി എന്നിവർ സംസാരിച്ചു..കുട്ടികളുടെ പ്രതിനിധി മാസ്റ്റർ സാവിയോ പോൾ വായനാദിന സന്ദേശം നൽകി..കുട്ടികളുടെ കൃതികൾ ഉൾപ്പെടുത്തി ഒരുക്കിയ കയ്യെഴുത്തു മാസിക 'എഴുത്തോല' ഹെഡ്മാസ്റ്റർ ശ്രീ.മാത്യു എൻ.വി പ്രകാശനം ചെയ്തു..

വായനാവാരാഘോഷവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനം നൽകി...




## കൊളക്കാട് സാന്തോം ഹയർ സെക്കന്ററി സ്കൂളിൽ പരിസ്ഥിതി ദിനം ആഘോഷിച്ചു...

സ്കൂൾ അസംബ്ലിയിൽ ഹെഡ്മാസ്റ്റർ ശ്രീ മാത്യു എൻ വി പരിസ്ഥിതി ദിന സന്ദേശം നൽകിക്കൊണ്ട് ചടങ്ങുകൾ ആരംഭിച്ചു...NCC, SPC, JRC, Little Kites എന്നീ സംഘടനകളുടെ നേതൃത്വത്തിൽ വൃക്ഷ തൈകൾ നട്ടും, സ്കൂൾ പരിസരം ശുചിയാക്കിക്കൊണ്ടും പോസ്റ്റർ രചന മത്സരം നടത്തിയും എല്ലാ കുട്ടികളും പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി...വീടുകളിൽ തൈ നട്ട് അതിന്റെ ഫോട്ടോ അയച്ചും കുട്ടികൾ മാതൃകയായി...



## കൊളക്കാട് സാന്തോം ഹയർ സെക്കണ്ടറി സ്കൂളിൽ ഹൈസ്കൂൾ വിഭാഗം ലഹരി വിരുദ്ധ ദിനം ആചരിച്ചു...

കൊളക്കാട് സാന്തോം ഹയർ സെക്കണ്ടറി സ്കൂളിൽ ഹൈസ്കൂൾ വിഭാഗം വ്യത്യസ്ത പരിപാടികളോടെ ലഹരി വിരുദ്ധ ദിനം ആചരിച്ചു...വിമുക്തി ക്ലബിന്റെ നേതൃത്വത്തിൽ സ്കൂൾ പാർലമെന്റ് നടത്തിയും ADSU,NCC,SPC,JRC സംഘടനകളുടെ നേതൃത്വത്തിൽ ക്ലാസ്സുകളിൽ ലഹരിക്കെതിരെ സന്ദേശം നൽകിയും,ലഹരി വിരുദ്ധ പോസ്റ്റർ രചന മത്സരം നടത്തിയും പ്രതിജ്ഞ ചൊല്ലിയും സ്കൂളിൽ ലഹരി വിരുദ്ധ ദിനം ആചരിക്കുകയും കുട്ടികളിൽ ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം വളർത്തുകയും ചെയ്തു...



**NMMS സ്കോളർഷിപ്പ് (2023-24) കരസ്ഥമാക്കിയ അൽന റോസ് തോമസിന് അഭിനന്ദനങ്ങൾ**





**Yadhukrishna 9 B**